പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1775

17.12.2012 ൽ
മറുപടിക്ക്

## വ്യത്യസ്ത തിരിച്ചറിയൽ കാർഡുകൾ ഏർപ്പെടുത്തുക വഴി ഉണ്ടായ ആശങ്കകൾ ദൂരീകരിക്കുവാൻ നടപടി

**ചോദ്യം**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ
'' പി. ഉബൈദുള്ള
'' സി. മമ്മൂട്ടി
'' പി.കെ. ബഷീർ

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) വോട്ടർ ഐ.ഡി, ആധാർ, യൂണിഫൈഡ് ഐ.ഡി. എന്നിങ്ങനെ വ്യത്യസ്ത തിരിച്ചറിയൽ കാർഡുകൾ ഏർപ്പെടുത്തുകയും, അവയുടെ തയ്യാറാക്കലും, വിതരണവും, ഉപയോഗവും സംബന്ധിച്ച് സാധാരണ ജനങ്ങൾക്കിടയിലെ സംശയങ്ങളും ആശങ്കകളും ദൂരീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ സംശയങ്ങളും, ആശങ്കകളും, ദൂരീകരിക്കുന്നതിനുതകും വിധത്തിലും ഇവയുടെ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(എ) & (ബി) വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടവർക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ വിതരണം ചെയ്യുന്ന തിരിച്ചറിയൽ കാർഡിന്റെ (Electors' Photo ID) തയ്യാറാക്കലും വിതരണവും, ഉപയോഗവും സംബന്ധിച്ച് സാധാരണ ജനങ്ങൾക്കിടയിൽ ഏതെങ്കിലും തരത്തിലുള്ള സംശയങ്ങളോ ആശങ്കകളോ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

സവിശേഷ തിരിച്ചറിയൽ കാർഡ് [Unique ID (UID) or Aadhaar Card] തയ്യാറാക്കുന്ന വിധം വിതരണം, ഉപയോഗം എന്നിവ സംബന്ധിച്ച നടപടിക്രമങ്ങൾ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കാറുണ്ട്. ഇതു കൂടാതെ ആധാർ പദ്ധതിയുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനായി സംസ്ഥാന ഐ.ടി. മിഷൻ ഒരു ഹെൽപ് ഡസ്ക് തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വഴിമദ്ധ്യേ രോഗം കൊണ്ടോ, അപകടം കൊണ്ടോ അബോധാവസ്ഥയിലാകുകയോ, മരണപ്പെടുകയോ ചെയ്യുന്നവരെ, അജ്ഞാതരായി ഗണിക്കപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ ഏതെങ്കിലും ഒരു തിരിച്ചറിയൽ കാർഡ് നിർബന്ധിതമാക്കുന്ന കാര്യത്തിൽ ആവശ്യമായ ബോധവത്ക്കരണം നടത്തുമോ ?

(സി) 1955-ലെ Citizenship Act പ്രകാരം (2004-ലെ ഭേദഗതി അനുസരിച്ച്) ദേശീയ ജനസംഖ്യ രജിസ്റ്ററിൽ പേര് ചേർക്കുന്നതും നാഷണൽ ഐഡന്റിറ്റി കാർഡ് നൽകുന്നതും എല്ലാ ഇന്ത്യൻ പൗരന്മാർക്കും നിർബന്ധിതമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ